വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി *(ശ്രീ. കെ. സി. വേണുഗോപാൽ)*:

(എ) & (ബി) സംസ്ഥാനത്തിന്റെ തെക്കേ അറ്റം മുതൽ വടക്കേഅറ്റം വരെ ജലപാത നിർമ്മിക്കുന്ന കാര്യം ടൂറിസം വകുപ്പിന്റെ പരിധിയിൽ വരുന്ന വിഷയമല്ല. എന്നാൽ കേന്ദ്ര ഇൻലന്റ് വാട്ടർ വെയിസ് അതോറിറ്റിയുടെ നേരിട്ടുള്ള മേൽ നോട്ടത്തിൽ ടി ജലപാതയുടെ വികസന പ്രവർത്തനങ്ങൾ ഇപ്പോൾ നടന്നുവരുന്നുണ്ട്. ഈ ജലപാത നിലവിൽ വരുന്നതോടെ സംസ്ഥാനത്തെ ജലഗതാഗത സൗകര്യങ്ങൾ മെച്ചപ്പെടുന്നതോടൊപ്പം വിനോദസഞ്ചാര വികസന സാദ്ധ്യതകളും വർദ്ധിക്കുന്നതാണ്. ജലപാതയിലെ സൗകര്യങ്ങൾ പരമാവധി പ്രയോജനപ്പെടുത്തി വിനോദസഞ്ചാര വികസന പ്രവർത്തനങ്ങൾക്ക് ആക്കം വർദ്ധിപ്പിക്കുന്നതിനുതകുന്ന പദ്ധതികൾ സംസ്ഥാന സർക്കാർ തയ്യാറാക്കി കേന്ദ്രാനുമതിക്ക് സമർപ്പിച്ചിട്ടുണ്ട്. കേന്ദ്രാനുമതി ലഭിച്ചശേഷം ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് ഇവ നടപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

നെൽക്കൃഷി രംഗത്ത് ഉൽപ്പാദനവും ഉൽപ്പാദന ക്ഷമതയും വർദ്ധിപ്പിക്കാൻ നടപടി

*30 [77] *ശ്രീ. കെ. സി. ജോസഫ്*: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ നെൽക്കൃഷി രംഗത്ത് ഉൽപ്പാദനവും ഉൽപ്പാദന ക്ഷമതയും കുറഞ്ഞുവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇവയുടെ കാരണങ്ങൾ എന്താണെന്ന് കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കാമോ;

(സി) നെല്ലിന്റെ ഉൽപ്പാനവും ഉൽപ്പാദനക്ഷമതയും വർദ്ധിപ്പിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

കൃഷിയും കയറും വകുപ്പുമന്ത്രി *(ശ്രീമതി കെ. ആർ. ഗൗരിയമ്മ)*:

(എ) സംസ്ഥാനത്ത് നെൽക്കൃഷി ചെയ്യുന്ന സ്ഥലത്തിന്റെ വിസ്തൃതി കുറഞ്ഞുവരികയും തദ്വാരാ നെല്ലുൽപ്പാദനം കുറഞ്ഞിട്ടുള്ളതായും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. നെല്ലിന്റെ ഉൽപ്പാദനം കുറഞ്ഞിട്ടുണ്ടെങ്കിലും ഉൽപ്പാദനക്ഷമത 1985-ൽ 1.729 ടണ്ണായിരുന്നത് 2003-ൽ 2.218 ടണ്ണായി ഉയർത്തുവാൻ കഴിഞ്ഞിട്ടുണ്ട്.

(ബി) നെല്ലുൽപ്പാദനം കുറയുന്നതിനുള്ള കാരണങ്ങൾ താഴെ പറയുന്നവയാണ്.

1. മറ്റു വിളകളുമായി താരതമ്യം ചെയ്യുമ്പോൾ നെൽകൃഷിയിൽനിന്നുള്ള കുറഞ്ഞ വരുമാനം.
2. തൊഴിലാളികളുടെ ലഭ്യതക്കുറവ്
3. അപ്രതീക്ഷിതമായ കാലാവസ്ഥാ വ്യതിയാനം
4. നെൽപാടങ്ങൾ നികത്തി വിൽക്കുമ്പോൾ കൂടുതൽ വില ലഭിക്കുന്നു.
5. വിളവെടുപ്പു സമയത്തുണ്ടാകുന്ന നെല്ലിന്റെ വിലയിടിവ്
6. ഉൽപ്പാദന ചെലവിൽ വന്ന ക്രമാതീതമായ വർദ്ധനവ്

LIBRARY ARCHIVES Kerala Legislative Assembly

(സി) ഉൽപ്പാദനം ഉൽപ്പാദനക്ഷമത എന്നിവ വർദ്ധിപ്പിച്ച് നെൽകൃഷി പരിപോഷിപ്പിക്കുന്നതിന് താഴെ പറയുന്ന വിവിധ പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കി വരുന്നു.

1. ഉൽപ്പാദന ചെലവ് കുറയ്ക്കുന്നതിനായി ഗ്രൂപ്പ് ഫാമിംഗ് സമ്പ്രദായം നടപ്പിലാക്കുന്നു.

2. അത്യുൽപ്പാദന ശേഷിയുള്ള വിത്തിനങ്ങളുടെ ലഭ്യത ഉറപ്പാക്കുന്നു.

3. വിത്തു വിതരണം കാര്യക്ഷമതയോടുകൂടിയും സമയബന്ധിതവുമായി നടപ്പിലാക്കുവാൻ വിത്തു വികസന അതോറിറ്റി രൂപീകരിച്ചിട്ടുണ്ട്.

4. നെൽക്കൃഷി പ്രോത്സാഹിപ്പിക്കുന്നതിന് ഓരോ സീസണിലും നെൽക്കൃഷി ചെയ്യുന്ന കർഷകന് ഹെക്ടറിന് 350 രൂപ നിരക്കിൽ ഉൽപ്പാദന ബോണസ് നൽകി വരുന്നു.

5. നെൽക്കൃഷിക്ക് ഭൂപരിധിയില്ലാതെ വൈദ്യുതി സൗജന്യം നൽകുന്നുണ്ട്.

6. പാടശേഖരങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള ധനസഹായം നൽകുന്നു.

7. സംയോജിത വളപ്രയോഗം, സംയോജിത കീടനിയന്ത്രണം, ജലപരിപാലനം എന്നിവ നടപ്പിലാക്കുന്നു.

8. കർഷകരെ സഹായിക്കാൻ നെല്ലു സംഭരണം ഊർജ്ജിതമായി നടപ്പിലാക്കുന്നു.

9. വിളനാശം സംഭവിച്ച കർഷകർക്ക് സൗജന്യമായി വിത്ത്, കുമ്മായം എന്നിവ നൽകിയിട്ടുണ്ട്.

10. വിളനാശം സംഭവിച്ച കർഷകർക്കുള്ള നഷ്ടപരിഹാരതുക ഇരട്ടിയാക്കിയിട്ടുണ്ട്.

11. കൃഷിനാശം നേരിട്ട് കർഷകർ സഹകരണ ബാങ്കുകളിൽ നിന്നും മറ്റും എടുത്ത ലോണുകളുടെ പലിശ, പിഴപലിശ എന്നിവയ്ക്ക് ഇളവ് അനുവദിക്കുകയും ഒരു വർഷത്തേക്ക് സഹകരണ സംഘം രജിസ്ട്രാറും രണ്ടു വർഷത്തേക്ക് കൊമേഴ്സ്യൽ ബാങ്കുകളും മൊറട്ടോറിയം പ്രഖ്യാപിക്കുകയും ചെയ്തിട്ടുണ്ട്.

12. വിവര സാങ്കേതിക വിദ്യയുടേയും ജൈവ സാങ്കേതിക വിദ്യയുടെയും അനന്ത സാധ്യതകൾ ഉപയോഗപ്പെടുത്തി നെൽകൃഷി ഉൾപ്പെടെ സംസ്ഥാനത്തെ കാർഷിക മംഗം നവീകരിക്കാൻ പദ്ധതികൾ ആവിഷ്ക്കരിച്ചു നടപ്പിലാക്കി വരുന്നു.

13. കുട്ടനാടിന്റെ സമഗ്ര വികസനം ലക്ഷ്യമിട്ടുകൊണ്ട് ഈ പ്രദേശത്തെ 33000 ഹെക്ടറോളം വരുന്ന പാടശേഖരങ്ങളുടെ സമഗ്ര വികസനത്തിനായി നബാർഡിന്റെ ധനസഹായത്തോടെ ഒരു ബൃഹത് പദ്ധതി ആവിഷ്ക്കരിച്ചു നടപ്പിലാക്കാൻ നടപടി സ്വീകരിച്ചുവരുന്നു.

14. മറ്റു നെല്ലു വികസന സമിതികൾക്ക് ആവശ്യമായ അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങൾ നബാർഡ് സഹായത്തോടെ നടപ്പിലാക്കുന്നു.

15. നെൽകൃഷിയുടെ വിസ്തൃതി വർദ്ധിപ്പിക്കുന്നതിനും ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനുമായി നടപ്പു സാമ്പത്തിക വർഷം 10,000 ഹെക്ടർ തരിശുഭൂമിയിൽ തൊഴിൽരഹിതരായ യുവജനങ്ങളെ പങ്കെടുപ്പിച്ചുകൊണ്ട് നെൽകൃഷി ചെയ്യുന്നതിനുള്ള ഒരു പദ്ധതി നടപ്പിലാക്കുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly